# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P11/375/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 20/06/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P11/375/22 തീയ്യതി: 20/06/2022

## കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-09-2019 മുതൽ 31-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 07-02-2022 | 19-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 19-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജിത്ത് കുമാർ ജി., ഓഡിറ്റ് ഓഫീസർ
ശ്രീമതി.അമ്പിളി ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജൂഡിറ്റ് വർഗ്ഗീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രാജശ്രീ സി.ആർ., ഓഡിറ്റർ
ശ്രീമതി.ഹർഷ എൽ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി പ്രീത മാത്തുക്കുട്ടി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. എസ്. ശിവകുമാർ | സെക്രട്ടറി | 01-04-2019 | 11-07-2019 |
| ശ്രീ രമേഷ് കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-07-2019 | 18-07-2019 |

| | | | |
|---|---|---|---|
| ശ്രീ. സുജിത്ത് കുമാർ | സെക്രട്ടറി | 18-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രമേഷ് കുമാർ | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. ഡാരോൺ ജോസഫ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. സന്തോഷ് കുമാർ കെ.ആർ. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ശ്രീമതി സോണിയ ടി.എൻ. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. അനീഷ് ആർ. ചന്ദ്രൻ | വി.ഇ.ഓ.I | 01-04-2019 | 31-03-2020 |
| ശ്രീമതി. അഞ്ജു എം. | വി.ഇ.ഓ.II | 01-04-2019 | 31-03-2020 |
| ശ്രീ. സുധീഷ് കുമാർ എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി ലിസ്സികുട്ടി ജോർജ്ജ് | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീജ പി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. ജയചന്ദ്രൻ ആർ. | അസി. എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ശ്രീമതി ഷീജ എം.കെ. | അസി. എഞ്ചിനീയർ | 18-07-2019 | 08-08-2019 |
| ശ്രീമതി രശ്മി എം. ടി. | അസി. എഞ്ചിനീയർ | 09-08-2019 | 23-10-2019 |
| ശ്രീമതി ഷീജ എം.കെ. | അസി. എഞ്ചിനീയർ | 24-10-2019 | 26-11-2019 |
| ശ്രീമതി അനുപ്രിയ | അസി. എഞ്ചിനീയർ | 27-11-2019 | 31-12-2019 |
| ശ്രീമതി സീന ടി.ജെ. | അസി. എഞ്ചിനീയർ | 01-01-2020 | 08-02-2020 |
| ശ്രീമതി രശ്മി എം. ടി. | അസി. എഞ്ചിനീയർ | 09-02-2020 | 31-03-2020 |
| ശ്രീ .സിജിൻ സജീവ് | എം.ജി എൻ.ആർ.ഇ.ജി.എസ്., അക്രഡിറ്റഡ് എഞ്ചിനീയർ | 01-04-2019 | 13-06-2019 |
| ശ്രീ ജോഷിൻ ജോസ് | എം.ജി എൻ.ആർ.ഇ.ജി.എസ്., അക്രഡിറ്റഡ് എഞ്ചിനീയർ | 14-06-2019 | 31-03-2020 |
| ശ്രീമതി ഷൈനു സാറാമ്മ | എംജി എൻ.ആർ.ഇ.ജി.എസ്., ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 01-04-2019 | 31-03-2020 |
| ശ്രീ ജിനു സൂസൻ ആർ | എംജി എൻ.ആർ.ഇ.ജി.എസ്., ഓവർസിയർ | 13-06-2019 | 31-03-2020 |
| ശ്രീമതി റെയ്ന മോൾ എൽ. ലിജു | എം.ജി.എൻ.ആർ.ഇ.ജി.എസ്. അക്കൌണ്ടന്റ് | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajasree.C.R (Auditor, On 17-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Rajasree.C.R (Auditor, On 17-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-06-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 23-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Rajasree.C.R (Auditor, On 17-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Rajasree.C.R (Auditor, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Rajasree.C.R (Auditor, On 17-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajasree.C.R (Auditor, On 17-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Rajasree.C.R (Auditor, On 17-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Rajasree.C.R (Auditor, On 17-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-06-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Rajasree.C.R (Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajasree.C.R (Auditor, On 17-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-06-2022) | 1-10 |
| 12 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല<br>Written By: Harsha L (Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-06-2022) | 1-11 |
| 13 | ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Harsha L (Auditor, On 04-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 08-06-2022) | 1-11-1 |
| 14 | ചട്ടപ്രകാരമുള്ള മോട്ടോർ ഫീസ് ഈടാക്കിയില്ല.<br>Written By: Harsha L (Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 08-06-2022) | 1-12 |
| 15 | മാട്ടിറച്ചി വ്യാപാരം – ലേലതുക ഇനത്തിൽ 14700/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു.<br>Written By: Harsha L (Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-06-2022) | 1-13 |
| 16 | ദേശീയ പെൻഷൻ പദ്ധതിയിൽ ജീവനക്കാരുടെ വിഹിതവും പഞ്ചായത്ത് വിഹിതവും ഒടുക്കുവരുത്തിയില്ല<br>Written By: Rajasree.C.R (Auditor, On 22-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-06-2022) | 1-14 |
| 17 | അപര്യാപ്തമായ ഫണ്ട് വകയിരുത്തൽ - മരാമത്ത് പ്രവൃത്തികൾ ഭാഗികമായി ചെയ്യേണ്ടി വരുന്നു<br>Written By: Ranjith Kumar G (Audit Officer (HG), On 26-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-06-2022) | 1-15 |
| 18 | മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ | 1-16 |

| | | |
|---|---|---|
| | Written By: Ranjith Kumar G (Audit Officer (HG), On 26-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-06-2022) | |
| 19 | ജീവനം പദ്ധതി - കൊല്ലം ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: G.Ambili (Senior Grade Auditor, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-06-2022) | 1-17 |
| 20 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: G.Ambili (Senior Grade Auditor, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 1-18 |
| 21 | കരിക്കം ഐ.സി.ഡി.പി. സബ് സെന്റർ വൈദ്യുതീകരണം വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: G.Ambili (Senior Grade Auditor, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 1-18-1 |
| 22 | സ്ട്രീറ്റ് ലൈറ്റ് പരിപാലനം - വാങ്ങിയ സാധനങ്ങൾ സ്ഥാപിച്ചതിന്റെ കൃത്യമായ രേഖകൾ ലഭ്യമല്ല<br>Written By: G.Ambili (Senior Grade Auditor, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 1-19 |
| 23 | പഞ്ചായത്ത് വക കെട്ടിടത്തിൽ പോസ്റ്റ് ഓഫീസ് പ്രവർത്തിക്കുന്നു – വാടക ഈടാക്കുന്നില്ല<br>Written By: Harsha L (Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 1-20 |
| 24 | L.E.D ലൈറ്റ് സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Judith Varghese (Senior Grade Auditor, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 1-21 |
| 25 | പാലിന് സബ്സിഡി അധികവിഹിതം നൽകി<br>Written By: Judith Varghese (Senior Grade Auditor, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 1-22 |
| 26 | ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Judith Varghese (Senior Grade Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 1-23 |
| | **ഭാഗം 2** | |
| 1 | ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Bini Chandran S (Computer Assistant, On 07-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajasree.C.R (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajasree.C.R (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajasree.C.R (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajasree.C.R (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Rajasree.C.R (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajasree.C.R (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajasree.C.R (Auditor, On 21-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-06-2022) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajasree.C.R (Auditor, On 22-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 07-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajasree.C.R (Auditor, On 22-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajasree.C.R (Auditor, On 22-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajasree.C.R (Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 08-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

14.02.2019 തീയതിയിലെ 1 (1) തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.20 | 23.06.2020 | - | - |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1) വാർഷികകണക്കുകൾ പ്രകാരം ലൈഫ് ലോണിന്റെ ആകെ വരവ് 23412980/-രൂപയും ആകെ ചെലവ് 23412980/-രൂപയും ആണ്. എന്നാൽ വി.ഇ.ഒ-യുടെ സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിലുള്ള ചെലവ് 23712980/-രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വി.ഇ.ഒ-യുടെ അലോട്ട്മെന്റ് ക്യാൻസൽ ചെയ്തിട്ട് സെക്രട്ടറിയുടെ ലോഗിനിൽ ക്യാൻസൽ റിക്വസ്റ്റ് തരാതിരുന്നതുകൊണ്ട് സംഭവിച്ചതാണെന്നറിയിച്ചിട്ടുണ്ട്. സുലേഖയിലുള്ള വ്യത്യാസം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2) വികസനഫണ്ട് ജനറലിൽ 2018-19 ൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ഈടാക്കുന്ന തുക, കേരള ഇലക്ട്രിസിറ്റി ബോർഡിന് അടയ്ക്കേണ്ട കുടിശ്ശിക തുക എന്നിവയ്ക്ക ജി.ഒ പ്രോജക്ട് വച്ച് തുക ചെലവായി സുലേഖയിൽ കാണിച്ചിട്ടില്ല.

3) ഇൻഡ്യൻ ഓവർസീസ് ബാങ്കിന്റെ തനതു ഫണ്ട് അക്കൗണ്ടിന്റെ മാർച്ച് 2020-ന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheques Issued But Not Presented Into Bank ആയി കാണിച്ചിരിക്കുന്ന തുകകൾ നാളിതുവരെ ചെലവ് വന്നിട്ടില്ല.

1. 658717/19-3-20, 800/-
2. 658682/23-1-20, 600/-

ആയത് സ്റ്റെയിൽ ചെക്കായി ഉൾപ്പെടുത്തിയിട്ടില്ല.

4) Total Sanitation തുകകളുടെ ക്രയവിക്രയത്തിനു വേണ്ടിയുള്ള Indian Bank അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ 506434831) 31-3-2020 തീയതിയിലെ നീക്കബാക്കി 2352405/-രൂപയാണ്. എന്നാൽ വാർഷികകണക്കുകളിലെ പ്രസ്തുത ലയബിലിറ്റി ഹെഡിന്റെ ബാക്കി തുക 2057405/-ആണ്. ആയതിന്റെ വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

5) കക്കൂസ് നിർമ്മാണത്തിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 276/20 എം.അർ ഷെഡ് നിർമ്മാണം പ്രോജക്ട് പ്രകാരം 609651/- രൂപ കേന്ദ്രഫണ്ടിനത്തിൽ സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവായിട്ടുണ്ട്. എന്നാൽ ആയത് റ്റി.എസ്.സി. അക്കൗണ്ടിന്റെ ചെലവിൽ വന്നിട്ടില്ല. വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

6) സംയുക്ത പ്രോജക്ടിന്റെ ഹെഡിൽ ചെലവായി കാണിച്ചിരിക്കുന്ന 359361/- രൂപയുടെ ചെലവ് വിവരങ്ങൾ വിശദമാക്കേണ്ടതാണ്.

7) വാർഷികകണക്കുകളിലെ ഡെപ്പോസിറ്റ് വർക്കായി 82400/-രൂപയുടെ വിവരങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു. എന്നാൽ തനതുഫണ്ടിൽ നിന്നും ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി 17844/-രൂപ, കരിക്കം ഐ.സി.ഡി.എസ് സബ്സെന്റർ വൈദ്യുതീകരണത്തിനായി നൽകിയ 30314/-രൂപയുടെ ചെലവ് (300/20) വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

8) വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായമിനത്തിൽ 1,50,000/-രൂപയുടെ ചെലവ് ഉണ്ടെങ്കിലും ആയത് വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

9) B 11 Building Others 2018-19, 2019-20 വർഷത്തെ നീക്കബാക്കി തമ്മിലുള്ള വ്യത്യാസം 1505540/-

രൂപയാണ്. എന്നാൽ RP 38 പ്രകാരം ഈയിനത്തിൽ ചെലവ് 1223173/-രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

10) B 11 ഷെഡ്യൂളിൽ Accumulated Depreciation Water Ways എന്നയിനത്തിൽ 21677/-രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഈയിനത്തിൽ ആസ്തി ഉൾപ്പെടുത്തിയിട്ടില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 24248588/- |
| വരവ് | 103045019/- |
| ആകെ | 127293607/- |
| ചെലവ് | 100224143/- |
| നീക്കിയിരിപ്പ് | 27069464/- |
| വരവിനങ്ങളിലുള്ള നഷ്ടം | 3160/- |
| ചെലവിനങ്ങളിലുള്ള നഷ്ടം | - |
| തടസ്സപ്പെടുത്തിയ തുക | 1531645/- |

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക ₹ | കുറിപ്പ് ക്യൂബിൽ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 21900000/- | 21900000/- | 19954377/- | 1945623/- | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 14779000/- | 14779000/- | 6588703/- | 8190297/- | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 16741127/- | 16741127/- | 3142729/- | 13598398/- | |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 6762000/- | 6762000/- | 2072109/- | 4689891/- | |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 6345000/- | 6345000/- | 3338893/- | 3006107/- | |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| ശുചിത്വ മിഷൻ | 2271625/- | 80780/- | 2352405/- | 295000/- | 2057405/- | |
| ലൈഫ് മിഷൻ-സംസ്ഥാന വിഹിതം | 0 | 13400000/- | 13400000/- | 13400000/- | 0 | |
| എസ്.എസ്.എ. | 13049/- | 464/- | 13513/- | 0 | 13513/- | |
| സാക്ഷരത | 171811/- | 6109/- | 177920/- | 0 | 177920/- | |
| കേരളോത്സവം | 0 | 20000/- | 20000/- | 20000/- | 0 | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ഐസിഡിഎസ് | 1774703/- | 1138109/- | 2912812/- | 1500000/- | 1412812/- | |
| എംജിഎൻആർഇജിഎസ് | 616823/- | 1366757/- | 1983580/- | 1921773/- | 61807/- | |
| ആശ്രയ | 0 | 1011882/- | 1011882/- | 0 | 1011882/- | |
| മറ്റ് ഗ്രാന്റുകൾ | 1394559/- | 5058/- | 1399617/- | 19346/- | 1380271/- | |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ(രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ്(രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 292 | 245172111/- | 56 | 79370948/- | 155 | 81 | 72% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 616823/- | 1366757/- | 1983580/- | 1921773/- | 61807/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 42298345/- | 42298345/- | 42298345/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 100800/- | 76 |
| കർഷകതൊഴിലാളി പെൻഷൻ | 3149400/- | 1109 |
| വിധവാപെൻഷൻ | 9358800/- | 3502 |
| വാർദ്ധക്യകാലപെൻഷൻ | 14815800/- | 5509 |
| വികലാംഗപെൻഷൻ | 3171100/- | 1071 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 195600/- | 80 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 150000/- | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.02.22 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3008/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

നികുതി പിരിവിന്റെ കാര്യക്ഷമത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്.

പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29-ാം വകുപ്പിൽ പ്രതിപാദിക്കും പ്രകാരം ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൌച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ്

സമ്പ്രദായം തൃപ്തികരമാണ്. വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ് കണക്ടിവിറ്റി പ്ലാൻ കാലികമല്ല.
ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.01.22-13.01.22 | 2021 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെ | 13.01.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.09.18-15.09.18 | 2013-14 മുതൽ 2017-18 വരെ | 24.10.18 |

1-11 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല

1) 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവിന്റെ രജിസ്റ്ററും, റിട്ടേൺ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | സർവ്വീസ് സഹകരണ ബാങ്ക്, ചക്കുവരയ്ക്കൽ | II |
| 2 | സെവൻത്ഡേ അഡ്വന്റിസ്റ്റ് സ്കൂൾ, കരിക്കം | II |
| 3 | ചക്കുവരയ്ക്കൽ ക്ഷീര സഹകരണ സംഘം | I, II |
| 4 | പനവേലി ക്ഷീര സഹകരണ സംഘം | I, II |
| 5 | കോക്കാട് ക്ഷീര സഹകരണ സംഘം | I, II |

2) 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവിന്റെ രജിസ്റ്ററും റിട്ടേൺ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | സർവ്വീസ് സഹകരണ ബാങ്ക്, ചക്കുവരയ്ക്കൽ | I, II |
| 2 | ചക്കുവരയ്ക്കൽ ക്ഷീര സഹകരണ സംഘം | I, II |
| 3 | പനവേലി ക്ഷീര സഹകരണ സംഘം | I, II |
| 4 | കോക്കാട് ക്ഷീര സഹകരണ സംഘം | I, II |

3) വെട്ടിക്കവല ഗ്രാമപഞ്ചായത്ത് കുടുംബശ്രീ ഓഫീസിലെ അക്കൌണ്ടന്റിന്റെ ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയ രേഖകൾ കാണാൻ സാധിച്ചില്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4

എന്നിവ അനുശാസിക്കുന്നു. നികുതി കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 18/19.02.22

1-11-1 ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയില്ല

യൂനസ് എഞ്ചിനീയറിംഗ് കോളേജ് ഓഫ് പോളിടെക്നിക്കിലെ സ്ഥാപനമേധാവി 2019-20 ന്റെ ഒന്നാം അർദ്ധവർഷത്തിൽ സമർപ്പിച്ച തൊഴിൽനികുതി റിട്ടേൺ സ്റ്റേറ്റുമെന്റിൽ ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായിട്ടല്ലാതെയാണ് ആറ് മാസത്തെ ശമ്പളം കണക്കാക്കിയിരിക്കുന്നത്. അതിൻപ്രകാരമുള്ള തൊഴിൽ നികുതിയും ഈടാക്കിയിരിക്കുന്നു. ഒരു അർദ്ധവർഷത്തെ ആകെ ശമ്പളം കണക്കാക്കിയിരിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. അടിസ്ഥാന ശമ്പളവും, ഉൽസവബത്തയും കൂടി ആകെ ആറ് മാസത്തെ ശമ്പളം കണക്കാക്കുമ്പോൾ ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി ചുവടെ ചേർക്കുന്നു.

| ക്രമ നം: | ജീവനക്കാരന്റെ പേര് | ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം | ഉൽസവ ബത്ത | ആകെ | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക (രൂപ) |
|---|---|---|---|---|---|---|---|---|
| 1 | പ്രവീൺ കുമാർ | പ്രിൻസിപ്പാൾ | 45000/- | 1000/- | 271000/- | 1250/- | 1000/- | 250/- |
| 2 | വൈശാഖൻ | അസി. പ്രൊഫസർ | 16000/- | 1000/- | 97000/- | 750/- | 300/- | 450/- |
| 3 | അലക്സ്.ജി.തോമസ് | അസി. പ്രൊഫസർ | 16000/- | 1000/- | 97000/- | 750/- | 300/- | 450/- |
| 4 | കിരൺ കുമാർ | അസി. പ്രൊഫസർ | 16000/- | 1000/- | 97000/- | 750/- | 300/- | 450/- |
| 5 | സുകന്യ | ഇൻസ്ട്രക്ടർ | 11000/- | 1000/- | 67000/- | 600/- | 180/- | 420/- |
| 6 | അഖിൽ | " | 11000/- | 1000/- | 67000/- | 600/- | 180/- | 420/- |
| 7 | നൈന | അക്കൌണ്ടന്റ് | 6500/- | 1000/- | 40000/- | 300/- | 120/- | 180/- |
| 8 | നെജീവ | പീയൂൺ | 5000/- | 1000/- | 31000/- | 300/- | 120/- | 180/- |
| 9 | ശാരിക | ലാബ് അസിസ്റ്റന്റ് | 6000/- | 1000/- | 37000/- | 300/- | 120/- | 180/- |
| 10 | രാജു | പീയൂൺ | 5500/- | 1000/- | 34000/- | 300/- | 120/- | 180/- |
| | | | | | | | | ആകെ- 3160/- |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനം/സ്ഥാപന മേലധികാരി സമർപ്പിക്കുന്ന സ്റ്റേറ്റുമെന്റുകൾ പരിശോധിക്കാതെ, അതിൽ പരാമർശിക്കുന്ന തുക വാങ്ങുകയാണ് ഉണ്ടായിരിക്കുന്നത്. ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന ഇത്തരം വീഴ്ചകൾ പഞ്ചായത്തിന് വരുമാന നഷ്ടത്തിന് കാരണമാകുന്നു. റിട്ടേൺ സ്റ്റേറ്റ്മെന്റ് പുനർ ക്രമീകരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടുന്നതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് മൂലമുണ്ടായ നഷ്ടം 3160/-രൂപ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 18/19.02.22

1-12 ചട്ടപ്രകാരമുള്ള മോട്ടോർ ഫീസ് ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്ക് അനുസരിച്ചുള്ള മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ലെന്ന് കണ്ടു.

സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം: | പേര് മേൽവിലാസം | വാർഡ്/കെട്ടിട നം: | സ്ഥാപനത്തിന്റെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ടുന്ന തുക(രൂപ) | ഈടാക്കിയ തുക(രൂപ) | ഈടാക്കാനുള്ള തുക(രൂപ) |
|---|---|---|---|---|---|---|---|
| 1 | ശ്രീ. സജു ജോർജ്ജ്, മുട്ടുകോണത്ത് സുബിൻ നിവാസ്, പനവേലി. പി.ഒ | 17/677, 678 | എം.ജി.എൽ ആന്റ് സൺസ് റെഡിമിക്സ് പ്ലാന്റ് | 83 H.P | 1000/- | 500/- | 500/- |
| 2 | ശ്രീ.മോഹനൻ ആചാരി, വിഷ്ണുമംഗലം, സദാനന്ദപുരം പി.ഒ | 2/1010 | വിഷ്ണുമംഗലം ഫ്ലവർമിൽ | 23 H.P | 300/- | 100/- | 200/- |
| 3 | ശ്രീ. രാജു ജോർജ്ജ്, ആർ.ജെ ഭവൻ, തലച്ചിറ | 7/507 | അഞ്ജു സാമിൽ | 40 H.P | 400/- | 250/- | 150/- |
| 4 | ശ്രീ.അശോക് കുമാർ, അശ്വതി, കക്കാട്, പനവേലി | 20/596 | അശോക സാമിൽ | 50 H.P | 500/- | 200/- | 300/- |
| | | | | | | ആകെ - | 1150/- |

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 18, 19-ലെ പട്ടിക III-ൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിനുള്ള പരമാവധി ഫീസ് പറയുന്നുണ്ട്. ഇതേ നിരക്കിൽ പഞ്ചായത്ത് പൊതുവിൽ ഫീസ് ഈടാക്കി വരുന്നുണ്ട്. എന്നാൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് യന്ത്രത്തിന്റെ കുതിരശക്തിക്ക് അനുസരിച്ചുള്ള മോട്ടോർ ഫീസ് ഈടാക്കി വിവരം അറിയിക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഒടുക്ക് വരുത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 08/17.02.22

1-13 മാട്ടിറച്ചി വ്യാപാരം - ലേലതുക ഇനത്തിൽ 14700/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു.

2019-20 സാമ്പത്തിക വർഷത്തിലേക്ക് 14/03/2019-ൽ നടന്ന ലേലത്തിൽ കോട്ടവട്ടം വാർഡിൽ സ്വന്തമായി സ്റ്റാൾ കെട്ടി മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം കൈക്കൊണ്ടത് ശ്രീ. അബ്ദുൾസലാം, നജീം മൻസിൽ, കുന്നിക്കോട് എന്ന വ്യക്തിയാണ്. ലേലതുക 165000/-രൂപ. ജി.എസ്.റ്റി ഉൾപ്പെടെ ടിയാൻ ഒടുക്കേണ്ടിയിരുന്ന തുക 194700/-രൂപയാണ്. എന്നാൽ 180000/- രൂപ ഒടുക്കിയ രേഖകൾ മാത്രമാണ് കാണാൻ സാധിച്ചത്. ബാലൻസ് തുക 14700/-രൂപ ഈടാക്കാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഒടുക്കുവാൻ അവശേഷിക്കുന്ന തുക പലിശ സഹിതം ഈടാക്കി ഒടുക്ക് വരുത്തിയ രേഖകൾ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം: 06/17.02.22

1-14 ദേശീയ പെൻഷൻ പദ്ധതിയിൽ ജീവനക്കാരുടെ വിഹിതവും പഞ്ചായത്ത് വിഹിതവും ഒടുക്കുവരുത്തിയില്ല

ഗ്രാമപഞ്ചായത്തിലെ കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം അടവാക്കുന്ന ജീവനക്കാർക്ക് സ.ഉ (പി) 44/19 തീയതി 4.4.19 പ്രകാരം 1.1.18 മുതൽ 31.3.19 വരെയുള്ള ഡി.എ കുടിശ്ശിക ചെക്ക് നം.107014/18.5.2019 പ്രകാരം അനുവദിച്ചിട്ടുണ്ട്. വിഹിതം അടവാക്കുന്ന ജീവനക്കാരുടെ ശമ്പളവും ഡി.എ യും ചേർന്ന തുകയുടെ 10% തുക പെൻഷൻ ഫണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്. എന്നാൽ, ടി പദ്ധതിയിലുള്ള ജീവനക്കാരുടെ കുടിശ്ശികയിൽ നിന്നും 10% വിഹിതം കുറവുചെയ്തിട്ടില്ല. ജീവനക്കാരുടെ വിവരങ്ങൾ ചുവടെ പറയുന്നു.

| പേര്/തസ്തിക | അനുവദിച്ച തുക | പെൻഷൻ വിഹിതം | പഞ്ചായത്ത് വിഹിതം |
|---|---|---|---|
| ശിൽപ രാജ് ( ക്ലാർക്ക്) | 10980/- | 1098/- | 1098/- |
| രാജലക്ഷ്മി കെ.ആർ. (ക്ലാർക്ക്) | 5922/- | 592/- | 592/- |

ജീവനക്കാരുടെ വിഹിതവും പഞ്ചായത്ത് വിഹിതവും ചേർത്ത് ദേശീയ പെൻഷൻ പദ്ധതിയിൽ ഒടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. തുക ഒടുക്ക വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 3 /14.02.2022

1-15 അപര്യാപ്തമായ ഫണ്ട് വകയിരുത്തൽ - മരാമത്ത് പ്രവൃത്തികൾ ഭാഗികമായി ചെയ്യേണ്ടി വരുന്നു

2019-20 വർഷത്തിൽ എൻജിനിയറിംഗ് വിഭാഗം വിഭാവനം ചെയ്ത് നടപ്പിലാക്കിയ 48 പദ്ധതികളിൽ 13 പദ്ധതികളും ഒരു ലക്ഷം രൂപയിൽ താഴെയുള്ള അടങ്കൽ തുക വകയിരുത്തിയവയായിരുന്നു. 11 എണ്ണം 2 ലക്ഷത്തിൽ താഴെ അടങ്കൽ വകയിരുത്തിയിരുന്ന പദ്ധതികൾ ആയിരുന്നു. കോൺക്രീറ്റ് ആവശ്യമായ റോഡുപ്രവൃത്തികളിൽ, ഇതുമൂലം 15 മീറ്റർ മുതൽ 70 മീറ്റർ വരെ നീളത്തിൽ മാത്രമാണ് പ്രവൃത്തി നടത്താൻ സാധിച്ചിട്ടുള്ളത്. ഇതുമൂലം റോഡ് കണക്ടിവിറ്റി എന്ന ലക്ഷ്യം കൈവരിക്കാൻ മിക്കപ്പോഴും കഴിയാതെ വരുന്നു. വാർഡു തലത്തിൽ ഫണ്ട് മുഖ്യലക്ഷ്യമാക്കുന്നതുകൊണ്ടാണ് ഇത്തരത്തിൽ പ്രവൃത്തികളുടെ കാര്യക്ഷമത കൈവരിക്കാൻ കഴിയാതെ വരുന്നതതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
ഇത് ആസൂത്രണ പ്രകിയയിലെ വീഴ്ചയാണ്. ഇതു ഒഴിവാക്കേണ്ടതാണ്. ഏറ്റെടുക്കുന്ന റോഡു പൂർണ്ണമായും മെച്ചപ്പെടുത്തുന്ന രീതിയിൽ ഫണ്ട് വകയിരുത്തൽ ഉണ്ടാകേണ്ടതാണ്.
വാർഡു തലത്തിൽ ഫണ്ടുകൾ വിഭജിക്കുന്ന പ്രക്രിയ നിരുത്സാഹപ്പെടുത്തേണ്ടതും ഇത്തരത്തിൽ അപാകത ആവർത്തിക്കാതിരിക്കാൻ തുടർന്നുവരുന്ന പദ്ധതി ആസൂത്രണങ്ങളിൽ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുമാണ്.

1-16 മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ

മത്സര സ്വഭാവത്തിലുള്ള ടെൻഡറുകൾ കുറവായിട്ടാണ് കാണപ്പെട്ടത്. 0.01%, 0.5% കുറവുകൾ രേഖപ്പെടുത്തിയ ടെൻഡറുകളാണ് ഭൂരിപക്ഷം പ്രവൃത്തികൾക്കും ലഭിച്ചത്. എന്നാൽ ഇ-ടെൻഡറുകളിൽ വളരെയധികം മത്സര സ്വഭാവം കാണപ്പെടുന്നു. ആയതിനാൽ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെൻഡർ നടപടികൾ സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും. പ്രവൃത്തികൾക്കായി വയ്ക്കുന്ന കരാർ പത്രങ്ങൾ യാതൊരു രേഖപ്പെടുത്തലുകളും വരുത്തുന്നില്ല. സാങ്കേതികാനുമതി പത്രത്തിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തുന്നില്ല. സ്പിൽ ഓവർ പ്രോജക്ടുകളിൽ സപ്ലിമെന്ററി കരാർ വയ്ക്കുന്നില്ല. പൂർത്തിയാക്കുന്ന പ്രവൃത്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കുന്നില്ല. ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതാണ്.

സെക്യൂരിറ്റി രജിസ്റ്റർ പരിപാലിക്കുന്നില്ല

മരാമത്ത് പ്രവൃത്തികൾ ടെൻഡർ നടപടികളിലൂടെ കരാറുകാരനു നൽകുമ്പോൾ പൊതുമരാമത്ത് ചട്ടം 10 ഉപ ചട്ടം 15 പ്രകാരം കരാറുകാരൻ കരാർ തുകയുടെ 5% പെർഫോർമൻസ് ഗ്യാരണ്ടിയായി കെട്ടിവയ്ക്കേണ്ടതുണ്ട്. ഇത്തരത്തിൽ ഒടുക്കുന്ന തുകയുടെ 50% എങ്കിലും ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് ആയിരിക്കണം. സെക്യൂരിറ്റി വാങ്ങുന്നുണ്ട് എങ്കിലും വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി പരിപാലിക്കേണ്ടതാണ്.

1-17 ജീവനം പദ്ധതി - കൊല്ലം ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്റ്റ് നമ്പർ- 137/20

പ്രോജക്ട്- ജീവനം പദ്ധതി – കൊല്ലം ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ

അടങ്കൽ- 50,000/-

ചെലവ്- 50,000/-

ചെക്ക് നമ്പർ- 2083819/6-9-19

പ്രസ്തുത പ്രൊജക്ടിനായി തുക സിൻഡിക്കേറ്റ് ബാങ്കിന്റെ കുണ്ടറ ബാങ്കിന്റെ 45022210010700 നമ്പർ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകി.

ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ വിനിയോഗസാക്ഷ്യപത്രത്തിനായി കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 50,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക- 50000/-
ഓഡിറ്റ് എൻക്വയറി നമ്പർ- 1/19-20

1-18 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട് നമ്പർ- 9/20

പ്രോജക്ട്- ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

അടങ്കൽ- 1,00,000/-

ചെലവ്- 82,400/-

1) ഷിഫ്റ്റിംഗ് ഓഫ് സിംഗിൾ ഫേസ് ത്രീ വയർ ലൈൻ -

എസ്റ്റിമേറ്റ് തുക- 58783/-

ചെക്ക് നമ്പർ- 658697/17-2-20

2) ഷിഫ്റ്റിംഗ് ഓഫ് LTPSC പോളുകൾ -

എസ്റ്റിമേറ്റ് തുക- 23617/-

ചെക്ക് നമ്പർ- 107016/23-5-19

പ്രസ്തുത പ്രവൃത്തികൾക്കായി തുക കെ.എസ്.ഇ.ബി-യിൽ ഒടുക്കിയെങ്കിലും ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻ കെ.എസ്.ഇ.ബി-യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 82400/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക- 82400/- ( 58783 + 23617)
ഓഡിറ്റ് എൻക്വയറി നമ്പർ- 11/19-20

1-18-1 കരിക്കം ഐ.സി.ഡി.പി. സബ് സെന്റർ വൈദ്യുതീകരണം വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട് നമ്പർ- 300/20

പ്രോജക്ട്- കരിക്കം ഐ.സി.ഡി. പി. സബ്സെന്റർ വൈദ്യുതീകരണം

അടങ്കൽ- 30,000/-

ചെലവ്- 30,000/-

ചെക്ക് നമ്പർ- 658654/13-12-19

പ്രസ്തുത പ്രോജക്ടിനായി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം ആകെ എസ്റ്റിമേറ്റ് തുക 30314/-രൂപയാണ്. 18-11-2019 തീയതിയിലെ II(2) നമ്പർ തീരുമാനപ്രകാരം 314/-രൂപ കൂടി തനതു ഫണ്ടിൽ നിന്ന് നൽകിയാണ് പ്രോജക്ട് നടപ്പിലാക്കിയത്. ആയതിന്റെ പണി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം കെ.എസ്.ഇ.ബി-

യിൽ നിന്ന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സാക്ഷ്യപത്രം വാങ്ങി നൽകുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 30314/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക- 30314/-

ഓഡിറ്റ് എൻക്വയറി നമ്പർ- 11/19-20

1-19 സ്ട്രീറ്റ് ലൈറ്റ് പരിപാലനം - വാങ്ങിയ സാധനങ്ങൾ സ്ഥാപിച്ചതിന്റെ കൃത്യമായ രേഖകൾ ലഭ്യമല്ല

സ്ട്രീറ്റ് ലൈറ്റ് പരിപാലനം – വാങ്ങിയ സാധനങ്ങൾ സ്ഥാപിച്ചതിന്റെ കൃത്യമായ രേഖകൾ ലഭ്യമല്ല

ഗ്രാമപഞ്ചായത്തിലെ ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ്. സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനായി ഒന്നിലധികം പദ്ധതികൾ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിക്കുകയും ആവശ്യകത കണക്കാക്കാതെ ഉപകരണങ്ങൾ വാങ്ങുകയും ആയത് സ്ഥാപിച്ചതിന് രേഖകൾ ഹാജരാക്കുകയും ചെയ്തിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ | വാങ്ങിയ സാധനങ്ങൾ | അപാകതകൾ |
|---|---|---|---|---|---|---|
| 1 | ആട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് പരിപാലനം 10/20 | 4,00,000/- | 247900/- | 1227217/ 31-03-20 | Led Bulb 200+200+75 Automatic Switch 100+100+85 CFL Holder200+100 | 1) ഗ്രാമപഞ്ചായത്തിലെ ആട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥിതിചെയ്യുന്നത് എത് ഒക്കെ പോസ്റ്റിലാണ് എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പോസ്റ്റ് രജിസ്റ്റർ 2) വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും ആയത് ഉപയോഗിച്ചതിന്റെയും രേഖകൾ 3) എത് തീയതിയിൽ ആണ് പോസ്റ്റിൽ സ്ഥാപിച്ചത് എന്നുമുള്ള രേഖകൾ 4) ഈ സാധനങ്ങൾ പ്രസ്തുത പോസ്റ്റിലാണ് സ്ഥാപിച്ച് മെയിന്റനൻസ് നടത്തിയത് എന്നുമുള്ള അധികാരികളുടെ സർട്ടിഫിക്കറ്റ് 5) ഗ്രാമപഞ്ചായത്തിലെ ആട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റുകൾ കേടായത് സംബന്ധിച്ച് പരാതി രേഖപ്പെടുത്തുന്ന കംപ്ലെയിന്റ് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 2 | ആട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് പരിപാലനം- അധികം തുക നൽകൽ 305/20 | 2,50,000/- | 2,25,880/- | 208316/ 22-8-19 | Automatic Switch- 50+150+150 Cropton 9 W LED -100+300+300+40 CFL Holder 100+300+300+20 Aluminium Wire 10 Street Light Board 20 | |
| 3 | 5/20തെരുവ് | അടങ്കൽ – | ചെലവ് | ബിൽ നമ്പർ | 15 W Led | പ്രസ്തുത പദ്ധതി പ്രകാരം |

| | | | | | | |
|---|---|---|---|---|---|---|
| | വിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ | 8,00,000/- | 438202/- | 14/24-1-20-162501/-<br>15/24-1-20-275701/- | Bulb1500<br>Starter 300<br>Electronic Choke 350<br>1.5m2 Aluminium Wire 100<br>Fluorescent Tube Light 500<br>Rotor Holder Big 300<br>Rotor Holder Small 800<br>Pendent Holder1520<br>Insulation Tape 125<br>Metal Shade 650 | യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്ന് ഉപകരണങ്ങൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്, എന്നാൽ ആയത് മുഴുവനായും ഉപയോഗിച്ചതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ആയത് തെരുവ് വിളക്കുപരിപാലനത്തിനായി കരാർ എർപ്പെട്ടിരിക്കുന്ന കരാറുകാരനെ എൽപ്പിച്ചതായിട്ടുള്ള രേഖകൾ ലഭ്യമല്ല. |
| 4 | പ്രോജക്റ്റ് നമ്പർ 179/20<br>പഞ്ചായത്തിലെ വിവിധ വാർഡുകളിൽ എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കൽ | അടങ്കൽ – 143083/-<br>Dev Gen | ചെലവ് 143083/- | ബിൽ നമ്പർ 179/19-20/30-4-19 | Contractor 240v 18<br>Meter Box18<br>Earth Pipe18<br>Copper 10 Mm 36 | താഴെ പറയുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>1) ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥിതിചെയ്യുന്ന പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയ പോസ്റ്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കിയിട്ടില്ല.<br>2) വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും ആയത് ഉപയോഗിച്ചതിന്റെയും രേഖകൾ<br>3) എത് തീയതിയിൽ ആണ് പ്രസ്തുത സാധനങ്ങൾ പോസ്റ്റിൽ സ്ഥാപിച്ചത് എന്നുമുള്ള രേഖകൾ<br>4) ഈ സാധനങ്ങൾ പ്രസ്തുത പോസ്റ്റിലാണ് സ്ഥാപിച്ച് മെയിന്റനൻസ് നടത്തിയത് എന്നുമുള്ള അധികാരികളുടെ സർട്ടിഫിക്കറ്റ്<br>5) ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾ കേടായത് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | സംബന്ധിച്ച് പരാതി രേഖപ്പെടുത്തുന്ന കംപ്ലെയിന്റ് രജിസ്റ്റർ ഇവ ഹാജരാക്കിയിട്ടില്ല. |

പദ്ധതിയുടെ പരിശോധനയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച മാർഗ്ഗരേഖയിലെ (15-9-11ലെ 3055/ഡി.എ.3/2011 Lsgd) നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്ന് കാണുന്നു.

1. തെരുവു വിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം കെ.എസ്.ഇ.ബി അധികൃതരും തദ്ദേശസ്വയം ഭരണാധികാരികളും സംയുക്ത പരിശോധന നടത്തി പോസ്റ്റ് നം. സഹിതം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. പരാതി രേഖപ്പെടുത്തുന്നതിനായി കോൺടാക്റ്റ് നമ്പറുകൾ പരസ്യപ്പെടുത്തേണ്ടതും തെരുവുവിളക്കുകളുടെ സ്ഥാപിക്കൽ, പരിപാലനം എന്നിവ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കി സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പരാതി രജിസ്റ്റർ വച്ചിട്ടില്ല.

മാർഗ്ഗരേഖകളിൽ ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്നും കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഈ രജിസ്റ്ററുകൾ പൊരുത്തപ്പെടുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ശരിയാം വിധം പരിപാലിക്കാത്ത തെരുവ് വിളക്ക് രജിസ്റ്റർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. തെരുവ് വിളക്ക് രജിസ്റ്ററിൽ മറ്റ് സ്റ്റേഷനറി ഉപകരണങ്ങൾ വാങ്ങിയതും രേഖപ്പെടുത്തിയിട്ടുണ്ട്.

ഒരു സാമ്പത്തിക വർഷം തന്നെ ഒന്നിലധികം പദ്ധതികളിലൂടെ അനേകം തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും ഇവയുടെ എണ്ണം, ഉപയോഗം എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തുന്ന യാതൊരു രേഖകളും പഞ്ചായത്തിൽ ഇല്ല. (മുൻവർഷ റിപ്പോർട്ടിലെ ഖണ്ഡിക കാണുക) ആവശ്യകത അനുസരിച്ചാണോ ഇത്രയധികം തെരുവ് വിളക്കുകൾ വാങ്ങിയതെന്നും വ്യക്തമല്ല. ഓഡിറ്റ് പരാമർശങ്ങൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ രജിസ്റ്റർ തയ്യാറാക്കി നൽകുന്നതാണെന്നും മെമ്പറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ആണ് തുക നൽകിയത് എന്നുമുള്ള മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 10,55,065/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ ഉത്തരവ് പ്രകാരമുള്ള രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ഫയൽ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 11/18-2-22

1-20 പഞ്ചായത്ത് വക കെട്ടിടത്തിൽ പോസ്റ്റ് ഓഫീസ് പ്രവർത്തിക്കുന്നു - വാടക ഈടാക്കുന്നില്ല

വെട്ടിക്കവല ഗ്രാമപഞ്ചായത്തിൽ സദാനന്ദപുരത്ത് പഞ്ചായത്ത് വക ബഹുനിലകെട്ടിടത്തിൽ ഒരു ലൈബ്രറിയും ഒരു പോസ്റ്റ് ഓഫീസും പ്രവർത്തിക്കുന്നുണ്ട്. പോസ്റ്റ് ഓഫീസ് കെട്ടിടത്തിന് നാളിതുവരെയും വാടക ഈടാക്കിയിട്ടില്ലെന്നാണ് പഞ്ചായത്ത് അധികൃതർ അറിയിച്ചത്. വാടകരജിസ്റ്റർ പരിശോധിച്ചതിൽ പോസ്റ്റ് ഓഫീസ് കെട്ടിടത്തിന് നാളിതുവരെ വാടക നിശ്ചയിച്ച് ഡിമാന്റ് ചെയ്തിട്ടില്ലെന്ന് കണ്ടു. വാടക ഈടാക്കാതിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പോസ്റ്റൽ വകുപ്പ് അധികൃതർക്ക് കത്ത് അയച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പോസ്റ്റ് ഓഫീസ് കെട്ടിടം പ്രവർത്തനം തുടങ്ങിയ വർഷം, കരാർ സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമായിട്ടില്ല. മേൽവിവരം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും, വാടക ഈടാക്കുന്നതിനായി തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം: 10/17.02.22

1-21 L.E.D ലൈറ്റ് സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം-180
പഞ്ചായത്തിലെ വിവിധ വാർഡുകളിൽ L.E.D ലൈറ്റ് സ്ഥാപിക്കൽ. (S C P)
നിർവ്വഹണോദ്യോഗസ്ഥൻ- അസി.സെക്രട്ടറി
എസ്.സി.പി.ഫണ്ട് അടങ്കൽ- 314165/-
ചെലവ് തുക- 313866/-
ആകെ അടങ്കൽ- 314165/-
ചെലവ്- 313866/-
ബിൽ നം-2/19-20 തുക- 265247/- തീയതി-30.11.19
ബിൽ നം-3/19-20 തുക- 48619/- തീയതി-31.3.20
ഇൻവോയ്സ് നം.2741, തീ. 1.1.19
അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടാണ് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ L.E.D ലൈറ്റ് സ്ഥാപിക്കൽ. പഞ്ചായത്തുകളിലെ പത്ത് വാർഡുകളിലായിട്ടാണ് L.E.D ലൈറ്റ് സ്ഥാപിച്ചത്.
പ്രസ്തുത പദ്ധതിനിർവഹണവുമായി ബന്ധപ്പെട്ട ഫയൽപരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.
1) ഇൻവോയ്സ് നം-2741 തീയതി 1/1/19 പ്രകാരം 48619/-രൂപയുടെ 7 ഇനങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
സ്റ്റോക്ക് രജിസ്റ്ററിൽ വിവിധ വാർഡുകളിൽ ലൈറ്റുകൾ വിതരണം ചെയ്തതായും ഫിറ്റ് ചെയ്തതായും രേഖപ്പെടുത്തിയിരിക്കുന്നു. വിവിധ വാർഡുകളിൽ ലൈറ്റുകൾ ഫിറ്റ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.
2) വിവിധ വാർഡുകളിൽ ലൈറ്റുകൾ സ്ഥാപിച്ചതിന്റെ മോണിട്ടറിംഗ് സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.
3) വാങ്ങിയ ഉപകരണങ്ങളുടെ ഗുണമേന്മ പരിശോധിച്ച ടെക്നിക്കൽ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.
4) ആകെ 10 വാർഡുകളിൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയതെങ്കിലും ഫയൽപരിശോധനയിൽ 4 വാർഡുകളിൽ ലൈറ്റുകൾ സ്ഥാപിച്ചതായുള്ള മെമ്പർമാരുടെ സാക്ഷ്യപത്രമാണ് ലഭ്യമാക്കിയത്. പ്രസ്തുത അപാകതകളിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിന് വേണ്ടനടപടികൾ കൈക്കൊള്ളുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. വിതരണരേഖകളുടെയും ലൈറ്റ് സ്ഥാപിച്ചതിന്റെയും രേഖകൾ ലഭ്യമല്ലാത്തതിനാൽ ഈയിനത്തിലെ ചെലവ് തുക 313866/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം-16 തീയതി-19/2/22

1-22 പാലിന് സബ്സിഡി അധികവിഹിതം നൽകി

പ്രോജക്ട് നം-28
അടങ്കൽ- 1000000/-
( വികസനഫണ്ട് - 300000/-
ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 300000/-
ജില്ലാപഞ്ചായത്ത് വിഹിതം- 400000/- )
ചെലവ്- 600000/-
ബിൽ നം-1 തുക -107970/- തീയതി-15/10/19
ബിൽനം-2 തുക- 35019/- തീയതി-15/10/19
ബിൽ നം-3 തുക- 157011/- തീയതി-23/12/19
ബ്ലോക്ക് വിഹിതം
ചെക്ക് നം- 122790 തീയതി-9/1/20 തുക- 50912/-
ചെക്ക് നം-1227205 തീയതി-31/1/20 തുക- 93776/-
ചെക്ക് നം-2083873 തീയതി-17/3/20 തുക- 24876/-
ചെക്ക് നം-2083874 തീയതി-17/3/20 തുക- 58810/-
ചെക്ക് നം-2083875 തീയതി-17/3/20 തുക- 56608/-
ചെക്ക് നം-2083880 തീയതി-24/3/20 തുക- 15018/-

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന്

നാല് രൂപ തോതിൽ ഒരു വർഷം പരമാവധി 40000/-രൂപ ഒരു കർഷകന് സബ് സിഡിയായി നൽകാമെന്ന് 14.12.18-ലെ സ.ഉ(കൈ) നം.22/18/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. വെട്ടിക്കവല ഗ്രാമപഞ്ചായത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പാലിന് സബ്സിഡി എന്ന പ്രോജക്ടിൽ 2019-20 സാമ്പത്തിക വർഷം ഏപ്രിൽ, മേയ് എന്നീ മാസങ്ങൾ ഒഴികെ ബാക്കിയുള്ള മാസങ്ങളിൽ പഞ്ചായത്ത് ഫണ്ടിൽ നിന്ന് ലിറ്ററൊന്നിന് നാല് രൂപ തോതിൽ സബ്സിഡി നൽകി. പ്രസ്തുത വിവരം ആരാഞ്ഞുനൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന് അധികമായി നൽകിയ സബ്സിഡി, ക്ഷീരവികസന വകുപ്പിൽ നിന്ന് ഈടാക്കി ഒടുക്ക് വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-7 തീയതി-17.2.22

1-23 ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

പ്രോജക്ട് നം- 293/19-20
നിർവ്വഹണ ഉദ്യോഗസ്ഥ- വി.ഇ.ഒ
അടങ്കൽ തുക- 63762980/-
ചെലവഴിച്ച തുക- 17252980/-

ലൈഫ് ഭവനപദ്ധതി (ജനറൽ) എന്ന പദ്ധതിയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | നാളിതുവരെ കൈപ്പറ്റിയ തുക, ചെക്ക് നം |
|---|---|---|
| 1 | അന്നമ്മ, ചരുവിളവീട് | 200000/- ( ചെക്ക് നം.549528, തീ. 8/7/19) |
| 2 | സുധ, പാലക്കോട്ട് ചരുവിളവീട് | 300000/-( ചെക്ക് നം.549528, തീ. 8/7/19) |
| 3 | ഉഷാകുമാരി, മലിക്കോട്ട് താഴത്തിൽവീട് | 350000/-(ചെക്ക് നം.549536, തീ. 26/12/19) |
| 4 | ഓമന, മട്ടക്കൽ കിഴക്കേക്കര, ചരുവിളപുത്തൻവീട് | 300000/-(ചെക്ക് നം.549528, തീ.8/7/19) |
| 5 | കുഞ്ഞേലി, ഷൈനിഭവനം, വെട്ടിക്കവല | 350000/-( ചെക്ക് നം.549528, തീ. 8/7/19) |
| 6 | സുജാതാ അരവിന്ദൻ, അരുൺഭവനം | 350000/-( ചെക്ക് നം.549528, തീ. 8/7/19) |

ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണങ്ങൾ ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഭവനനിർമ്മാണം പൂർത്തീകരിച്ച് തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.15, തീ. 19.2.22

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയില്ല

യൂനസ് എഞ്ചിനീയറിംഗ് കോളേജ് ഓഫ് പോളിടെക്നിക്കിലെ സ്ഥാപനമേധാവി 2019-20 ന്റെ ഒന്നാം അർദ്ധവർഷത്തിൽ സമർപ്പിച്ച തൊഴിൽനികുതി റിട്ടേൺ സ്റ്റേറ്റ്മെന്റിൽ ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായിട്ടല്ലാതെയാണ് ആറ് മാസത്തെ ശമ്പളം കണക്കാക്കിയിരിക്കുന്നത്. അതിൻപ്രകാരമുള്ള തൊഴിൽ നികുതിയും ഈടാക്കിയിരിക്കുന്നു. ഒരു അർദ്ധവർഷത്തെ ആകെ ശമ്പളം

കണക്കാക്കിയിരിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. അടിസ്ഥാന ശമ്പളവും, ഉൽസവബത്തയും കൂടി ആകെ ആറ് മാസത്തെ ശമ്പളം കണക്കാക്കുമ്പോൾ ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി ചുവടെ ചേർക്കുന്നു.

| ക്രമ നം: | ജീവനക്കാരന്റെ പേര് | ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം | ഉൽസവ ബത്ത | ആകെ | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക (രൂപ) |
|---|---|---|---|---|---|---|---|---|
| 1 | പ്രവീൺ കുമാർ | പ്രിൻസിപ്പാൾ | 45000/- | 1000/- | 271000/- | 1250/- | 1000/- | 250/- |
| 2 | വൈശാഖൻ | അസി. പ്രൊഫസർ | 16000/- | 1000/- | 97000/- | 750/- | 300/- | 450/- |
| 3 | അലക്സ്.ജി.തോമസ് | അസി. പ്രൊഫസർ | 16000/- | 1000/- | 97000/- | 750/- | 300/- | 450/- |
| 4 | കിരൺ കുമാർ | അസി. പ്രൊഫസർ | 16000/- | 1000/- | 97000/- | 750/- | 300/- | 450/- |
| 5 | സുകന്യ | ഇൻസ്ട്രക്ടർ | 11000/- | 1000/- | 67000/- | 600/- | 180/- | 420/- |
| 6 | അഖിൽ | " | 11000/- | 1000/- | 67000/- | 600/- | 180/- | 420/- |
| 7 | നൈന | അക്കൌണ്ടന്റ് | 6500/- | 1000/- | 40000/- | 300/- | 120/- | 180/- |
| 8 | നെജീവ | പീയൂൺ | 5000/- | 1000/- | 31000/- | 300/- | 120/- | 180/- |
| 9 | ശാരിക | ലാബ് അസിസ്റ്റന്റ് | 6000/- | 1000/- | 37000/- | 300/- | 120/- | 180/- |
| 10 | രാജു | പീയൂൺ | 5500/- | 1000/- | 34000/- | 300/- | 120/- | 180/- |
| | | | | | | | | ആകെ- 3160/- |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനം/സ്ഥാപന മേലധികാരി സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റുകൾ പരിശോധിക്കാതെ, അതിൽ പരാമർശിക്കുന്ന തുക വാങ്ങുകയാണ് ഉണ്ടായിരിക്കുന്നത്. ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന ഇത്തരം വീഴ്ചകൾ പഞ്ചായത്തിന് വരുമാന നഷ്ടത്തിന് കാരണമാകുന്നു. റിട്ടേൺ സ്റ്റേറ്റ്മെന്റ് പുനർ ക്രമീകരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടുന്നതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് മൂലമുണ്ടായ നഷ്ടം 3160/-രൂപ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 18/19.02.22

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 09.02.22 | കെ.എസ്.എ.കെ.എൽ.എം.പി.11/375/22 തീയതി. 01.06.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 700000/- | ലൈഫ് ഭവന പദ്ധതി എസ്.സി.പി. | 0 | 700000/- |

| | | | | | |
|---|---|---|---|---|---|
| “ | “ | 178000/- | അനുപൂരക പോഷകാഹാര പദ്ധതി | 178000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 300000/- | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000/- | 0 |
| “ | “ | 237500/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 237500/- | 0 |
| “ | “ | 1612000/- | ലൈഫ് ഭവന പദ്ധതി ജനറൽ | 0 | 1612000/- |
| “ | “ | 900000/- | ലൈഫ് ഭവന പദ്ധതി എസ്.സി.പി. | 300000/- | 600000/- |
| “ | “ | 200000/- | പാലിയേറ്റീവ് | 200000/- | 0 |
| “ | “ | 88094/- | നെൽകൃഷി വികസനം | 88094/- | 0 |
| “ | “ | 100000/- | ആശ്രയ | 0 | 100000/- |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 658697/17.02.20 | 58783/- | 0 | 82400/- |
| | | 107016/23.05.19 | 23617/- | 0 | |
| | ICDP SUB Centre വൈദ്യുതീകരണം | 658654/13.12.19 | 30314/- | 0 | 30314/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 23412980/- രൂപ വരവുണ്ട്. മുൻബാക്കി 0 രൂപയടക്കം 23412980/- രൂപയിൽ 23412980/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക(രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(എം.എസ്.)111/2018 തീയതി 13.08.18 | 23412980/- | 15287020/- | 1941176/- | - | 36758824/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ,തീയതി |
|---|---|---|---|---|
| 2009-10 | 2-3 | 150/- | ഗീതാകുമാരി | 119010100681/22.05.2019 |
| | 2-3 | 150/- | സുമേഷ്. എസ്. | 119010100682/22.05.2019 |
| | | 1000/- | ഷിബു | 119010101397/22.07.2019 |
| 2009-10 | 2-3 | 150/- | ശ്രീ. വേണു ബി. | 119010100680/22.05.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-6 | 2006-07 | 3-11.7 | വഴിവിളക്ക് സ്ഥാപിക്കൽ അപാകതകൾ | അക്കൌണ്ട്സ് കമ്മറ്റിയ്ക്ക് മുൻപാകെ സമർപ്പിച്ചിരിക്കുന്നു |
| 2001-02 | 3-4 | 2006-07 | 3-11.7 | ലൈൻ എക്സ്റ്റൻഷൻ | " |
| 2007-08 | 3-22 | 2010-11 | 5-4.2 | സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി SGRY പദ്ധതികൾക്ക് 31.03.08-ൽ അഡ്വാൻസ് നൽകി. | " |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 127293607/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 100224143/- |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1531645/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3160/- | | ശ്രീ.സുജിത്ത് കുമാർ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-17 | 50000/- | | ശ്രീ.സുജിത് കുമാർ വി, സെക്രട്ടറി |
| 1-18 | 82400/- | 23617/- | ശ്രീ.എസ്. ശിവകുമാർ, സെക്രട്ടറി |
| | | 58783/- | ശ്രീ.സുജിത് കുമാർ വി, സെക്രട്ടറി |
| 1-18-1 | 30314/- | | ശ്രീ.സുജിത് കുമാർ വി, സെക്രട്ടറി |
| 1-19 | 143083/- | | ശ്രീ.എസ്. ശിവകുമാർ, സെക്രട്ടറി |
| | 911982/- | | ശ്രീ.സുജിത് കുമാർ വി, സെക്രട്ടറി |
| 1-21 | 313866/- | | ശ്രീ.രമേഷ് കുമാർ, അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എസ്.ശിവകുമാർ, സെക്രട്ടറി | കുന്നത്തൂർ ഗ്രാമപഞ്ചായത്ത് | ചരിഞ്ഞയ്യത്ത് വീട്, പനപ്പെട്ടി, ശാസ്താംകോട്ട |
| ശ്രീ.സുജിത്കുമാർ വി, സെക്രട്ടറി | കുളക്കട ഗ്രാമപഞ്ചായത്ത് | സുജിത് ഭവൻ, ചെറുപൊയ്ക പുത്തൂർ പി.ഒ. |
| ശ്രീ.രമേഷ് കുമാർ, അസി. സെക്രട്ടറി | തലവൂർ ഗ്രാമപഞ്ചായത്ത് | ഗണേഷ് ഭവൻ, പാണ്ടിത്തിട്ട അമ്പലനിരപ്പ് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1996-97 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 1 |
| 1997-98 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | Income Part Closed |
| 1998-99 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 1 |
| 1999-2000 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 2 |
| 2000-01 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 3 |
| 2001-02 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 4 |
| 2002-03 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 5 |
| 2003-04 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 10 |
| 2004-05 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 11 |
| 2005-06 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 18 |
| 2006-07 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 12 |
| 2007-08 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 13 |
| 2008-09 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 18 |
| 2009-10 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 16 |
| 2010-11 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 15 |
| 2012-13 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 3 |
| 2013-14 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | എല്ലാ ഖണ്ഡികകളും |
| 2014-15 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.കെ.എൽ .എം. പി.11/1564/2019; | എല്ലാ |

| | | |
|---|---|---|
| | 20/01/2020 | ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്